തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(സി) S.P.W.R. ഫണ്ടുവക ഗിരുവിധാംകൂർ-കൊച്ചിയിൽ ആകെ 41,32,811 രൂപ ഉണ്ടായിരുന്നു. 1-10-55-ൽ 30,14,479 രൂപ 1 അണ 1 പൈ നീക്കിയിരിപ്പുണ്ട്.

(ബി) ഈ ഫണ്ടു് മാനേജുമെൻറിനു് എസ്റ്റാബ്ലിഷ്മെൻറ വകയ്ക്കു് കൊല്ലംതോറും 8,532 രൂപ ചെലവുണ്ടു്. 31-3-55 വരെ എസ്റ്റാബ്ലിഷ്മെൻറവകയ്ക്കു് ചെലവായതു് 2,24,366 രൂപ 13 അണ 8 പൈസയാണു്.

(സി) വിമുക്തഭടന്മാർക്കു് വ്യവസായവായ്പ, കാളനി പ്രവർത്തനങ്ങൾക്കായിട്ടുള്ള വായ്പ മുതലായവ സഹകരണാടിസ്ഥാനത്തിൽ കൊടുക്കുന്നതിനുള്ള രൂപകം രൂപീകരിച്ചിട്ടുണ്ടു്. വ്യക്തികൾക്കു് ഫണ്ടിൽ നിന്നും വായ്പയോ ഗ്രാന്റോ കൊടുക്കുന്നതല്ല. എന്നാൽ യുദ്ധസേവനം കൊണ്ടു് അവശത അനുഭവിച്ചിട്ടുള്ള വ്യക്തികൾക്കു് ഏതെങ്കിലും തൊഴിലുകൾ ചെയ്തു ഉപജീവനം നടത്തുന്നതിനാവശ്യമുള്ള സാധനസാമഗ്രികൾ ഫണ്ടിൽനിന്നും വാങ്ങിക്കൊടുക്കുന്നുണ്ടു്. വ്യക്തികൾക്കു് സഹകരണാടിസ്ഥാനത്തിൽ Thrift and credit സമ്പ്രദായമനുസരിച്ചു് 500 രൂപയിൽ കവിയാത്ത വായ്പ കൊടുക്കുന്നതിനുള്ള രൂപകങ്ങൾ രൂപീകരിച്ചിട്ടുണ്ടു്.

(ഡി) 25-30 വർഷങ്ങൾകൊണ്ടു് ഉപയോഗിച്ചു തീർക്കണമെന്നു് ഇൻഡ്യാഗവണ്മെൻറ് ആദ്യം പരസ്യം ചെയ്തിരുന്നുവെങ്കിലും ഇപ്പോൾ സേവനമനുഷ്ഠിച്ചുവരുന്ന പട്ടാളക്കാർ സർവ്വീസിൽനിന്നും പിരിയുമ്പോൾ അവരുടെ നന്മയ്ക്കായുംകൂടി ഈ ഫണ്ടു് ഉപയോഗിക്കേണ്ടിയിരിക്കുന്നതിനാൽ ഇതിനെ ഒരു സ്ഥിരമായ ഫണ്ടായി നിലനിറുത്തുവാനാണു് ഉദ്ദേശിക്കുന്നതു്.

ഒന്നാം പഞ്ചവത്സരപദ്ധതി

* 1033. [17] ശ്രീ. യു. നീലകണ്ഠൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാംപഞ്ചവത്സരപദ്ധതിയിൽ ഫിഷറീസിനുവേണ്ടി അനുവദിച്ചിട്ടുള്ള തുക എത്ര;

(ബി) മത്സ്യത്തൊഴിലാളികളുടെ സഹകരണ സംഘങ്ങൾക്കു രൂപീകരിച്ചിട്ടുണ്ടെങ്കിൽ എത്ര; എവിടെല്ലാം;

(സി) ഓരോന്നിനും നൽകിയിട്ടുള്ള ലോൺ എത്ര?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) 11,11,000 രൂപ.

(ബി) ഫിഷറീസ് ഡിപ്പാർട്ടുമെൻറിൻെറ നിർദ്ദേശമനുസരിച്ചു് ഒരു സഹകരണസംഘം മാത്രമേ രൂപീകരിച്ചിട്ടുള്ളൂ. ഇതു് പുറക്കാടു് സഹകരണ സംഘമാണു്. ഇതുകൂടാതെ മത്സ്യത്തൊഴിലാളികളുടെ 43 വിവിധോദ്ദേശസഹകരണ സംഘങ്ങളുമുണ്ടു്.

(സി) പുറക്കാടു് സഹകരണസംഘത്തിനു് 10,200 രൂപ ലോൺ കൊടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly